


► ബിഎസ്എൻഎൽ സാംസ്കാരികോത്സവം നോവലിസ്റ്റ് സി രാധാകൃഷ്ണൻ ഉദ്ഘാടനംചെയ്യുന്നു.

# കണ്ണൂരിൽ ബിഎസ്എൻഎൽ സാംസ്കാരികോത്സവം

**കണ്ണൂർ** > ബിഎസ്എൻഎൽ കുടുംബത്തിന്റെ സംഗമമായി സാംസ്കാരികോത്സവം. മേഖലയിലെ മുഴുവൻ തൊഴിലാളികളും വിരമിച്ചവരടക്കമുള്ള ജീവനക്കാരും കുടുംബാംഗങ്ങളും ഉത്സവത്തിൽ സംഗമിച്ചു. കണ്ണൂർ ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നോവലിസ്റ്റ് സി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

കണ്ണൂർ എസ്എസ്എ ജനറൽ മാനേജർ എസ് വെങ്കിടേശ് അധ്യക്ഷനായി. എച്ച്ആർ വിഭാഗം ജനറൽ മാനേജർ സഞ്ജയകുമാർ, ആകാശവാണി സ്റ്റേഷൻ ഡയറക്ടർ കെ ബാലചന്ദ്രൻ, കെ മോഹനൻ, ടി സന്തോഷ്കുമാർ, കെ എം ലക്ഷ്മണൻ, വി കെ രാമചന്ദ്രൻ, ബി അശോകൻ, ബേബി ആന്റണി, പി വി ഉണ്ണികൃഷ്ണൻ, വി വി കൃഷ്ണൻ, യു പ്രേമൻ, പി ടി ഗോപാലകൃഷ്ണൻ, കെ സി അജയകുമാർ എന്നിവർ സംസാരിച്ചു. സ്മരണിക മേയർ ഇ പി ലത പ്രകാശനം ചെയ്തു. ജീവനക്കാരുടെയും കുടുംബാംഗങ്ങളുടെയും കലാപരിപാടികളും അരങ്ങേറി. സാംസ്കാരിക സായാഹ്നം സംവിധായകൻ മധുപാൽ ഉദ്ഘാടനം ചെയ്തു. പ്രസ്ക്ലബ് പ്രസിഡന്റ് കെ ടി ശശി സംസാരിച്ചു. രവീന്ദ്രൻ കൊടക്കാട് സ്വാഗതവും പി രാധാകൃഷ്ണൻ നന്ദിയും പറഞ്ഞു. തുടർന്ന് ടൗൺസ്ക്വയറിൽ 'സിംഫണി' കലാവിരുന്ന് അരങ്ങേറി.